പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1058

11.07.2011-ൽ മറുപടിയ്ക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്: | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ജോലി നോക്കുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി. | ദിവസവേതനക്കാർക്ക് നൽകുന്ന വേതനം ഈ വിഭാഗം ജീവനക്കാർക്കും നൽകുമോയെന്നറിയിക്കുമോ ; | ബി. | സംസ്ഥാന സർക്കാർ ഓഫീസുകളിൽ ദിവസവേതനക്കാർക്ക് ലഭിക്കുന്ന വേതനം പുതുക്കിയാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. കരാർ അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരാമർശിത സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതന വർദ്ധനവ് ബാധകമല്ല. |
| സി. | സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ 15-05-2011-ലെ സർക്കുലർ പ്രകാരം റദ്ദാക്കിയത് പുനഃസ്ഥാപിക്കുമോ ; പ്രസ്തുത സർക്കുലറിന്റെ കോപ്പി ലഭ്യമാക്കുമോ ? | സി. | കരാർ അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കുറവ് വരുത്തിയ 18-05-2011-ലെ സർക്കുലർ സർക്കാർ തലത്തിൽ പുനഃപരിശോധിച്ചു വരുന്നു. സർക്കുലറിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

ശ്രദ്ധേയം

നം.18805/മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.സെൽ.01 /10/സി.ആർ.ഡി

തീയതി : 18 /05/2011

## സർക്കുലർ

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സംസ്ഥാന -ജില്ലാ-ബ്ലോക്ക് -ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ അവധിയുമായി ബന്ധപ്പെട്ട അവകാശങ്ങൾ- സംബന്ധിച്ച്

സൂചന : 1. ഗ്രാമവികസന കമ്മീഷണറുടെ 15.02.2010 ലെ 2368/മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.സെൽ.1/10/സി.ആർ.ഡി നമ്പർ കത്ത്

2. തദ്ദേശ സ്വയംഭരണ (ഇ.ആർ.എ) വകുപ്പിന്റെ 16.04.2011 ലെ നം. 51449/ഇ.ആർ.എ2/ 10/തസ്വഭവ നം. കത്ത്

സൂചന 1 പ്രകാരം സംസ്ഥാന, ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഐ.ടി പ്രൊഫഷണൽ, അക്കൗണ്ടന്റ്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തുടങ്ങിയ കരാർ ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളിലെ ചില വ്യവസ്ഥകളിൻമേൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് കൊണ്ട് പല ബ്ലോക്ക്-ഗ്രാമ-പഞ്ചായത്ത് സെക്രട്ടറിമാരും കത്ത് എഴുതിയിരുന്നു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന,ജില്ലാ,ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള ഐ.ടി പ്രൊഫഷണൽ, അക്കൗണ്ടന്റ്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ തുടങ്ങിയ കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട പുതുക്കിയ നിർദ്ദേശങ്ങൾ ചുവടെ പുറപ്പെടുവിച്ചുകൊള്ളുന്നു.

1. കേരള സർവ്വീസ് ചട്ടത്തിൽ ഭാഗം 1 അനുബന്ധം (VIII) ൽ പറയുന്ന അവകാശങ്ങൾ കരാർ നിയമനം ലഭിച്ച എല്ലാ ജീവനക്കാർക്കും ബാധകമാണ്.
2. എല്ലാ കരാർ നിയമനങ്ങളുടെയും കാലാവധി ഒരു വർഷമായിരിക്കും.
3. ഓരോ വർഷത്തെയും കരാർ കാലാവധി കഴിയുമ്പോഴും കരാർ ജീവനക്കാരന്റെ മുൻകാലത്തെ പ്രവർത്തന ക്ഷമതയും കാര്യനിർവ്വഹണ ശേഷിയും വിലയിരുത്തി യോഗ്യമെന്നു കണ്ടാൽ അവരെ അടുത്ത വർഷത്തേക്ക് അതത് സമയത്ത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പുതിയ കരാർ പ്രകാരം ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് നിയമിക്കാവുന്നതാണ്. കരാർ ജീവനക്കാരുടെ പ്രവർത്തനക്ഷമതയും കാര്യ നിർവ്വഹണശേഷിയും വിലയിരുത്തിയ രേഖകൾ ഫയലിൽ സൂക്ഷിക്കണം. ആരുടെയും കരാർ കാലാവധി ഒരു വർഷത്തിലധികം നീട്ടിനൽകുവാൻ യാതൊരു അധികാരസ്ഥാനത്തിനും അധികാരം ഉണ്ടായിരിക്കുന്നതല്ല.
4. കേരള സർവ്വീസ് റൂൾസ് അനുബന്ധം (VIII) കരാർ ജീവനക്കാർക്ക് ബാധകമാക്കിയിരിക്കുന്നതിനാൽ കരാർ ജീവനക്കാർക്ക് :

   I. കാഷ്വൽ ലീവിന് അർഹതയില്ല

   II. 1/11 എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 ദിവസത്തെ ആർജ്ജിത അവധിക്കുമാത്രമാണ് അർഹതയുള്ളത്. പരമാവധി 15 ദിവസത്തെ ആർജ്ജിത അവധി സറണ്ടർ ചെയ്യുവാൻ കഴിയും.

   III. ആർജ്ജിതാവധിക്കുള്ള അപേക്ഷ വെള്ളക്കടലാസിൽ സ്വീകരിച്ച് അവധി അനുവദിച്ച് പ്രത്യേക നടപടിക്രമം പുറപ്പെടുവിക്കേണ്ടതുണ്ട്

ആർജ്ജിക്കുന്ന അവധി അടുത്ത വർഷത്തെ കണക്കിൽ കൂട്ടുവാൻ കഴിയില്ല

IV. ഒരു സാമ്പത്തിക വർഷം 15 ദിവസത്തേയ്ക്ക് മാത്രമേ ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ കഴിയുകയുള്ളു. ഒരു വർഷത്തേയ്ക്ക് മാത്രമുള്ള നിയമനമായതിനാൽ ആർജ്ജിതാവധി അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യാൻ സാധ്യമല്ല. ലീവ് സറണ്ടർ ഒറ്റ പ്രാവശ്യമായി അനുവദിക്കേണ്ടതും എന്നാൽ 15 ദിവസത്തിൽ കുറച്ച് ലീവ് സറണ്ടർ അനുവദിച്ച കേസുകളിൽ കുടിശ്ശിഖ നൽകുവാനും കഴിയുകയില്ല.

V. കേരള സർവ്വീസ് ചട്ടം ഭാഗം - I അപ്പന്റിക്സ് VIII പ്രകാരം ആദ്യത്തെ കോൺട്രാക്ട് നിയമനം തന്നെ ഒരു വർഷത്തിൽ കൂടുതലുള്ളവർക്ക്, അവർ മെറ്റേണിറ്റി ലീവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുകയാണെങ്കിൽ മാത്രമേ മെറ്റേണിറ്റി ലീവിന് അർഹതയുണ്ടായിരിക്കുകയുള്ളു. അതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷത്തെ കരാർ കാലാവധിയിൽ പ്രവൃത്തിയെടുക്കുന്ന കരാർ ജീവനക്കാർക്ക് മെറ്റേണിറ്റി ലീവിന് അർഹതയില്ല.

(ഒപ്പ്)

വി.എൻ.ജിതേന്ദ്രൻ, ഐ.എ.എസ്
മിഷൻ ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
എല്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും/ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർക്കും
(ബന്ധപ്പെട്ട ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(ബന്ധപ്പെട്ട ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
എൻ.ആർ.ഇ.ജി.എസ് (കേരള) വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (പി.എം ഇ)

സെക്ഷൻ ഓഫീസർ